**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3014** **03-08-2021 - ൽ മറുപടിയ്ക്ക്**

**പാൽ സംഭരണത്തിൽ മിൽമയുടെ നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പാൽ സംഭരണത്തിൽ മിൽമ നിയന്ത്രണം ഏർപ്പെടുത്തിയത് ക്ഷീരകർഷകരെ ബുദ്ധിമുട്ടിലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രതിസന്ധി ഘട്ടങ്ങളിൽ പാൽ സംഭരണത്തിന് സർക്കാർ സംവിധാനം ഒരുക്കേണ്ടതിന്റെ പ്രധാന്യം ഗൗരവമായി കാണുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ ക്ഷീരമേഖലയെ കോവിഡ് കാലത്തും സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | ക്ഷീരമേഖലയെ കോവിഡ് കാലത്ത് സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടി കൾ സ്വീകരിച്ചിട്ടുണ്ട്. പാൽ സംഭരണത്തിൽ മിൽമ നിയന്ത്രണം ഏർപ്പെടുത്തിയ ഉടൻ തന്നെ സർക്കാർ ഇടപെട്ട് പരിഹരിക്കുകയും, പൂർണ്ണമായും പാൽ സംഭരിക്കുകയും ചെയ്തിരുന്നു. പ്രതിസന്ധി ഘട്ടങ്ങളിൽ പാൽ സംഭരണത്തിന് ഒരു തടസ്സവും കൂടാതെ ക്രമീകരിക്കുന്നതിനായി പ്രാദേശികമായുള്ള കർഷകരേയും ക്ഷീരസംഘം പ്രതിനിധികളേയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിക്കൊണ്ട് ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റി രൂപം നൽകുകകയും, പ്രസ്തുത കമ്മറ്റി കർഷകർക്ക് നഷ്ടം കണക്കാക്കി ധനസഹായം അനുവദിച്ചിട്ടുള്ളതുമാണ്. പ്രത്യേക കാലിത്തീറ്റ പാക്കേജിന്റെ ഭാഗമായി 11.23 കോടി രൂപയുടെ 2.81 ലക്ഷം ചാക്ക് കാലിത്തീറ്റ 2.04 ലക്ഷം ക്ഷീരകർഷകർക്ക് പ്രയോജനപ്പെടുന്ന വിധം നടപ്പിലാക്കിവരുന്നു. കോവിഡ് നിരീക്ഷണത്തിലുള്ള ക്ഷേമനിധി അംഗങ്ങൾക്ക് 2,000/- രൂപയും, കോവിഡ് ബാധിതരായ ക്ഷേമനിധി അംഗങ്ങൾക്ക് 10,000/- രൂപയും, കൂടാതെ മാർച്ച് 1 മുതൽ 20 വരെ ക്ഷീരസംഘങ്ങളിൽ പാൽ അളന്നിട്ടുള്ള ക്ഷേമനിധി അംഗങ്ങൾക്ക് ലിറ്ററിന് 1.00 രൂപ നിരക്കിൽ ആശ്വാസ ധനസഹായവും ക്ഷീര കർഷക ക്ഷേമനിധി ബോർഡ് മുഖാന്തരം നൽകിയിട്ടുണ്ട്. (കുറഞ്ഞത് 250/- രൂപ പരമാവധി 1,000/- രൂപ). |

സെക്ഷൻ ഓഫീസർ